# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 841 — 28.04.2017-ൽ മറുപടിക്ക്

## തലശ്ശേരി -വളവുപാറ റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്നതും കെ.എസ്.ടി.പി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്നതുമായ തലശ്ശേരി - വളവുപാറ റോഡ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (എ) കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട തലശ്ശേരി - വളവുപാറ റോഡ് കരാർ റദ്ദാക്കിയതിനെ തുടർന്ന് തലശ്ശേരി - കളറോഡ്, കളറോഡ് - വളവുപാറ എന്നീ രണ്ട് റീച്ചുകളായി തിരിച്ച് റി-ടെണ്ടർ ചെയ്തിട്ടുണ്ട്.<br>1. തലശ്ശേരി - കളറോഡ് റോഡ് - 6% പുരോഗതി കൈവരിച്ചു.<br>2. കളറോഡ് - വളവുപാറ റോഡ് - 11% പുരോഗതി കൈവരിച്ചു. രണ്ട് പ്രവൃത്തികളും എഗ്രിമെന്റ് വച്ച് തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ നന്നായി പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത റോഡ് നിർമ്മാണ പദ്ധതിയിൽ ആകെ എത്ര പാലങ്ങളുടെ നിർമ്മാണം ഉൾപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (ബി) പ്രസ്തുത റോഡ് നിർമ്മാണത്തിൽ ആകെ 7 പാലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) ഓരോ പാലത്തിന്റെയും നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (സി) പാലങ്ങളുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ ഘട്ടം ചുവടെ ചേർക്കുന്നു.<br>1. <u>ഇരഞ്ഞോളിപ്പാലം (2 സ്പാനുകൾ)</u><br>1 അബട്ട്മെന്റും 1 പിയറും ഭാഗികമായി പൂർത്തീകരിച്ചു. 12 ബീമുകളിൽ 7 ബീം കാസ്റ്റ് ചെയ്തു. ബഹു. മുഖ്യമന്ത്രി 03.11.2016-ൽ നടത്തിയ മീറ്റിംഗിൽ ദേശീയ ജലഗതാഗത വികസനത്തിന്റെ ഭാഗമായി പ്രസ്തുത പാലത്തിന്റെ വെർട്ടിക്കൽ ക്ലിയറൻസ് ഉയർത്താൻ തീരുമാനിക്കുകയുണ്ടായി. ആയതിനാൽ പാലം റീ ഡിസൈൻ ചെയ്യേണ്ടതായി വന്നു. പാലത്തിന്റെ റീ ഡിസൈൻ പൂർത്തീകരിച്ചു. റീ ഡിസൈൻ മൂലം |

ഉണ്ടായ അപ്രോച്ച് റോഡിനുണ്ടാകാവുന്ന മാറ്റം വിലയിരുത്തുന്നതിനും. അലൈന്റ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനും, അധികമായി വേണ്ടി വരുന്ന ഭൂമി ഏറ്റെടുക്കുന്നത് വിലയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. മെരുമ്പായി പാലം (3 സ്പാനുകൾ)

പിയറുകളുടെയും അബട്ട്മെന്റുകളുടെയും പണികൾ പൂർത്തീകരിച്ചു.
1 ഡെക്ക് സ്ലാബ് പൂർത്തീകരിച്ചു.
ബാക്കിയുള്ള 2 ഡെക്കിന്റെ പണികൾ നടന്നുവരുന്നു.

3. കാരേറ്റ പാലം (1 സ്പാൻ)

ആരംഭിച്ചിട്ടില്ല.

4. കളറോഡ് പാലം (1 സ്പാൻ)

1 അബട്ട്മെന്റ് പൂർത്തീകരിച്ചു.
ഡെക്കിംഗ് പണി ആരംഭിച്ചു.

5. ഉളിയിൽ പാലം (1 സ്പാൻ)

ഡെക്കിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

6. ഇരിട്ടിപാലം (3 സ്പാനുകൾ)

1 അബട്ട്മെന്റ് പൂർത്തീകരിച്ചു.
രണ്ടാമത്തെ അബട്ട്മെന്റിന്റെയും 2 പിയറുകളുടെയും പണികൾ പുരോഗമിച്ചു വരുന്നു.

7. കുത്തുപുഴ പാലം (5 സ്പാനുകൾ)

റീഡിസൈൻ നടപടികൾ നടന്നു വരുന്നു.

(ഡി) തലശ്ശേരി - വളവുപാറ റോഡ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(ഡി) തലശ്ശേരി - കളറോഡ് റോഡ് 30.05.2018-നും കളറോഡ് - വളവുപാറ റോഡ് 25.09.2018-നുമാണ് എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ടത്.

S. Bindu

സെക്ഷൻ ഓഫീസർ